പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 199 | 10.06.2013-ൽ മറുപടിക്ക്.

## വനിതാ ഹെൽപ്പ് ലൈനിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ബഷീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | : (എ)<br>1. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചു വരുന്നു.<br>2. സ്ത്രീകൾ ഇരയായിട്ടുള്ള കേസുകളിൽ 30 ദിവസത്തിനകം അന്തിമ റിപ്പോർട്ട് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br>3. പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.<br>4. എല്ലാ സ്റ്റേഷനതിർത്തിയിൽപ്പെട്ട ബസ് സ്റ്റോപ്പ്, മാർക്കറ്റ്, പ്രധാനപ്പെട്ട ആശുപത്രി തുടങ്ങിയ സ്ഥലങ്ങളിൽ വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.<br>5. സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിച്ചുകൊണ്ടുള്ള പോസ്റ്ററുകളും മറ്റും ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതിന് എല്ലാ എസ്.എച്ച്.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>6. സ്ത്രീകൾ ആത്മഹത്യ ചെയ്യുന്ന കേസുകളിൽ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണെങ്കിൽ അപ്രകാരം ചെയ്യാൻ എല്ലാ ബന്ധപ്പെട്ട ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

(മറുപുറം)

7. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ജാഗ്രതാ സമിതികൾ രൂപീകരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

8. എല്ലാ വനിതാ ഹോസ്റ്റലുകളിലും ബീറ്റ് ബുക്കുകളും പരാതിപ്പെട്ടികളും സ്ഥാപിച്ചിട്ടുണ്ട്.

9. വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. പൊതുവിൽ വനിതാ പോലീസുദ്യോഗസ്ഥരുടെ സേവനം കൂടുതലായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

10. Women Complaint Card സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

11. സ്ത്രീ സൗഹൃദ ആട്ടോറിക്ഷകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12. വനിതകൾക്ക് ടോൾ ഫ്രീ നമ്പരുകളായ 100, 1098, 1090 എന്നീ നമ്പരുകളിൽ കൂടി പരാതികൾ പോലീസിനെ അറിയിക്കാവുന്നതാണ്.

13. ട്രെയിനുകളിലെ വനിതാ യാത്രക്കാരുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനിതാ പോലീസ് ഉദ്യോഗസ്ഥരെക്കൂടി നിയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) സ്ത്രീകളുടെ സുരക്ഷയ്ക്കായി ആരംഭിച്ച വനിത ഹെൽപ്പ് ലൈൻ കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | : (സി) ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ